105 (123) കൂട്ടബലാൽസംഗം

ശ്രീ.ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കൂട്ട ബലാൽസംഗങ്ങൾ നടന്നു;

(ബി) എത്ര വീട്ടമ്മമാർ ബലാൽസംഗം ചെയ്യപ്പെട്ടു;

(സി) ഈ കാലഘട്ടത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര പേർ കൂട്ടബലാൽസംഗത്തിനിരയായിട്ടുണ്ട്?

ഉത്തരം

(എ) 135.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 42.

106 (124) അബ്കാരി കോൺട്രാക്ടർമാരെ സംബന്ധിച്ചുള്ള വിവരങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് ഏതെല്ലാം അബ്കാരി കോൺട്രാക്ടർമാരെ സംബന്ധിച്ചുള്ള വിവരങ്ങൾ ആണ് പോലീസ് വിജിലൻസ് വിഭാഗത്തിന് കൈമാറിയിട്ടുള്ളത്;

(ബി) ഇതിൻമേൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(സി) വിജിലൻസ് വിഭാഗത്തിന് കൈമാറിയ രേഖകളും മറ്റ് ബില്ലുകളും സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് 1.4.99 നും 30.11.99 നും ഇടയ്ക്കുള്ള കാലയളവിൽ നടത്തിയ ചില റെയ്ഡുകളിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ സംക്ഷിപ്ത വിവരണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇതിൽ അബ്കാരി കോൺട്രാക്ടർമാരും ഉൾപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്താൻ സർക്കാരിൽ നിന്നും അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത അന്വേഷണം പുരോഗമിച്ചു വരുന്നു.

(സി) അന്വേഷണത്തിന്റെ രഹസ്യസ്വഭാവം നിലനിർത്തേണ്ടത് ആവശ്യമായതിനാൽ ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly